II ഇ.ബി. XII- കേരള നിയമസഭ/XV-1

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ജൂൺ 29, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1) **സംസ്ഥാനത്തെ ഐ.ടി കമ്പനികൾക്ക് അടിസ്ഥാന സൗകര്യ വികസനം**

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഐ.ടി. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക്, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ), കിൻഫ്ര എന്നീ സർക്കാർ സ്ഥാപനങ്ങൾ സ്വകാര്യ ഐ.ടി കമ്പനികൾക്കും ഇൻഫ്രാ സ്ട്രക്ച്ചർ ഡെവലപ്പേഴ്സിനും ഐ.ടി. പാർക്കുകളും ടൗൺ ഷിപ്പുകളും നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, കെ.എസ്.ഐ.ടി.ഐ.എൽ. എന്നിവയുടെ കൈവശമുള്ള ഭൂമി കൂടുതൽ ആവശ്യക്കാർ ഉണ്ടെങ്കിൽ ലേലം അടിസ്ഥാന

ത്തിലും അല്ലെങ്കിൽ ലാന്റ് അലോട്ട്മെന്റ് പോളിസി പ്രകാരവും കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള ഹൈടെക് പാർക്ക്, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് (കെ.ഇ.പി.ഐ.പി.) എന്നിവിടങ്ങളിൽ Expression of Interest വിളിച്ചുമാണ് നൽകുന്നത്. സ്വകാര്യ കമ്പനികൾക്ക് ഐ.ടി. പാർക്ക്, ടൗൺഷിപ്പ് എന്നിവ നിർമ്മിക്കുന്നതിനായി SEZ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ (SEZ പോളിസി അനുസരിച്ച്) 06.10.2008-ലെ ഉത്തരവ് പ്രകാരം കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും സ്വകാര്യ ഐ.ടി. പാർക്കുകൾക്ക് അംഗീകാരം നൽകുന്നതിന് 04.05.2009-ൽ ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും 13.05.2007-ന് കേരള സർക്കാരും TECOM Investments FZ-LLC-യുമായി ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് 246 ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സാമ്പത്തിക മാന്ദ്യമുണ്ടായിരുന്നിട്ടും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ ഐ.ടി. മേഖല ദേശീയ ശരാശരിയേക്കാൾ ഉയർന്ന നേട്ടം കൈവരിക്കുകയും കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഐ.ടി. കയറ്റുമതിയുടെ ദേശീയ വളർച്ച നിരക്ക് മൂന്ന് മടങ്ങായും ജീവനക്കാരുടെ എണ്ണം 35,000 ആയും വർദ്ധിക്കുകയുമുണ്ടായി. മൂന്നാമത്തെ പുതിയ ഐ.ടി. പാർക്ക് തൃശ്ശൂരിലെ കൊരട്ടിയിൽ പ്രവർത്തനം ആരംഭിക്കുകയും ഐ.ടി. പാർക്കുകളുടെ എണ്ണം പത്തായി വർദ്ധിക്കുകയും കോഴിക്കോട് ആസ്ഥാനമായി സൈബർ പാർക്കും കണ്ണൂരും കാസർഗോഡും സാറ്റലൈറ്റ് പാർക്കുകളും

സ്ഥാപിക്കുകവഴി മലബാർ മേഖലയിൽ ഐ.ടി. പാർക്കുകൾ എത്തുകയും ഐ.ടി. ഇൻഫ്രാസ്ട്രക്ചറിനുണ്ടായിരുന്ന ഭൂമി 1400 ഏക്കറായും ബിൽഡിംഗ് ഏരിയ 90 ലക്ഷം ചതുരശ്ര അടിയായും വർദ്ധിക്കുകയുണ്ടായി. ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചറിന്റെ വേഗത്തിലുള്ള പുരോഗതിക്കായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി രൂപീകരിക്കുകയും 10,.000 കോടി രൂപയ്ക്കുള്ള നിക്ഷേപത്തിന് തുടക്കമിടുകയും ചെയ്തു. ഇതിൽ സർക്കാരിന്റെ നിക്ഷേപം 2000 കോടി രൂപയിലധികമാണ്. ഇൻഫോസിസ്, വിപ്രോ, ഐ.ബി.എസ്. എന്നിവയുടെ പ്രൈവറ്റ് കാമ്പസുകളുടെ പണി പൂർത്തീകരിക്കുകയും ടി.സി.എസ്, യു.എസ് ടെക്നോളജി, എച്ച്.സി.എൽ. എന്നിവയുടെ പ്രൈവറ്റ് കാമ്പസുകളുടെ പണി നടന്നുവരികയും ചെയ്യുന്നു. വിവരസാങ്കേതിക വിദ്യയുടെ പ്രയോജനം ഗ്രാമീണ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ടെക്നോ ലോഡ്ജുകൾ സ്ഥാപിച്ചുവരുന്നുണ്ടെന്നും പുതുതായി ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ സാധിക്കാത്ത ജില്ലകളിൽ പ്രാദേശികമായി ടെക്നോ ലോഡ്ജുകളെങ്കിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണന്നും മുഖ്യമന്ത്രി ഉപചോദ്യങ്ങൾക്ക് മറുപടി യായി അറിയിച്ചു. സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ 12% ഫ്രീഹോൾഡ് ഭൂമി വിൽക്കാനുള്ള അവകാശമാണ് ടീകോം ആവശ്യപ്പെട്ടിട്ടുള്ളതെന്നും എന്നാൽ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന ക്ലാസ് 5.4 മാനിക്കുമെന്ന് സർക്കാർ പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവരുമായി പലവട്ടം ചർച്ചകൾ നടത്തിയിട്ടും ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടി ല്ലെന്നും ചർച്ചകൾ ഇപ്പോഴും തുടരുകയാണെന്നും ഇൻഫോപാർക്കിൽ ലക്ഷ ക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണെന്നും സഭയെ മുഖ്യമന്ത്രി അറിയിച്ചു.

2 (*2) ട്രഷറി നവീകരണം

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ട്രഷറികളിൽ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനം പരിഷ്ക്കരിക്കുന്നതിന് കോർ ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം (CFMS) നടപ്പിലാക്കുന്നതാണെന്ന് സഭയെ അറിയിച്ചു. സംസ്ഥാന ധനകാര്യ വകുപ്പ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ഏജൻസി ബാങ്കുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, മറ്റ് വകുപ്പുകൾ എന്നിവയുമായി ട്രഷറി കമ്പ്യൂട്ടർ സിസ്റ്റം ഇന്റഗ്രേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ട്രഷറി സേവിംഗ്സ് ബാങ്കിനാവശ്യമായ കോർ ബാങ്കിംഗ് സിസ്റ്റം വഴി എ.റ്റി.എം. സംവിധാനവും, CFMS ഉം കൂടിച്ചേരുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ട് (ITMP) നടപ്പിലാക്കുന്നതിന്റെ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ട്രഷറികളിൽ ഒരു ഏജൻസി ബാങ്കിന്റെ സഹായത്തോടെ എ.ടി.എം സൗകര്യം സ്ഥാപിക്കുന്നതിന് ആർ.ബി.ഐ.യുടേയും ഏജൻസി ബാങ്കിന്റേയും അംഗീകാരം ആവശ്യമാണ്. പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ പരിഷ്ക്കരണവും ജനറേറ്ററുകൾ സ്ഥാപിക്കലും ഉൾപ്പെടുന്ന '**നവീന ട്രഷറി 2010**' ഇക്കൊല്ലം ആരംഭിച്ചുകഴിഞ്ഞു. ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം 61 ട്രഷറികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാകേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മിനിമം 10 സെന്റ് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്. 140 ട്രഷറികളിൽ ആരംഭിച്ച നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്ന

തിനുളള പദ്ധതി 2010–11–ൽ പൂർത്തിയാക്കേണ്ടതുണ്ട്. നിലവിലുള്ള കെട്ടിടങ്ങളിൽ പലതും ഭാഗികമായോ പൂർണ്ണമായോ പുതുക്കിപ്പണിയേണ്ടതാണെന്ന് എഞ്ചിനീയർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ട്രഷറികളുടെ മുഖച്ഛായ മാറ്റുന്ന ഈ പരിപാടി ട്രഷറികളിൽ കൂടുതൽ ഡെപ്പോസിറ്റ് ലഭ്യമാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സഹായിക്കുന്നതാണ്. ട്രഷറികൾ അഭിമുഖീകരിക്കുന്ന വൈദ്യുതി ലഭ്യതയുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ആവശ്യമായ കപ്പാസിറ്റിയുള്ള ജനറേറ്ററുകൾ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതികൾ ടേൺ കീ അടിസ്ഥാനത്തിൽ ഇൻകെൽ വഴിയും നിർമ്മാണ പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ–ന്റെ സിവിൽ വിംഗ് മുഖേനയുമാണ് നടത്തുന്നത്. എല്ലാ ട്രഷറികളിലും ടെല്ലർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതിനാൽ പണം വിതരണത്തിലേയും ട്രഷറി ഇടപാടുകളിലേയും ബുദ്ധിമുട്ട് ഒരു പരിധിവരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ട്രഷറിയിൽനിന്നും പെൻഷൻ വാങ്ങുന്ന എല്ലാ പെൻഷൻകാരേയും പി.റ്റി.എസ്.ബി.–യിൽ ചേർത്ത് പെൻഷൻ വിതരണം നടത്തുന്ന പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള പെൻഷൻ പേമെന്റ് ഓർഡറുകൾ തിരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഐ.എം.ജി.യുമായി ചേർന്ന് State Training Policy യുടെ ഭാഗമായി എല്ലാ ജീവനക്കാർക്കും ട്രെയിനിംഗ് നൽകുന്ന പരിപാടി വിജയകരമായി നടപ്പിലാക്കാനും പാർട്ട് ടൈം സ്വീപ്പർമാർക്കുകൂടി ട്രെയിനിംഗ് നൽകിക്കൊണ്ട് സിവിൽ സർവ്വീസിലെ ഏറ്റവും താഴെത്തട്ടിലുള്ളവരെക്കൂടി ഭരണ

പരിഷ്ക്കാര നടപടികളുടെ ഭാഗമാക്കാനും 2009-10 വർഷത്തിൽ 3850 പേർക്ക് ട്രെയിനിംഗ് നൽകാനും സാധിച്ചിട്ടുണ്ട്. STP ട്രെയിനിംഗിനു പരിയായി 520 ജീവനക്കാർക്ക് സ്പാർക്ക് കൈകാര്യം ചെയ്യുന്നതിനുള്ള ട്രെയിനിംഗ് നൽകുന്നതിനും 20 ദിവസംകൊണ്ട് വകുപ്പിലെ എല്ലാ ഓഫീസുകളിലും SPARK നടപ്പിലാക്കാനും ട്രഷറി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 46000 പേർക്ക് SPARK കൈകാര്യം ചെയ്യുന്നതിനുള്ള ട്രെയിനിംഗ് നൽകാനും കഴിഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനും മറ്റ് സാമ്പത്തിക ആവശ്യങ്ങൾക്കുംവേണ്ടി പ്രാദേശിക സർക്കാരുകൾ ട്രഷറികളുമായി നിരന്തരം ബന്ധപ്പെടുന്നതുകൊണ്ട് വികസന പ്രവർത്തനങ്ങളിലെ സാമ്പത്തിക കാര്യങ്ങളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി ഇത്തരം ബില്ലുകൾ കൈകാര്യം ചെയ്യുന്നതിനായി 450 ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. 2008-ൽ നടന്ന സോഷ്യൽ ഓഡിറ്റിൽ ട്രഷറികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യേണ്ടതിന്റെ ആവശ്യം അടിസ്ഥാന സംവിധാനങ്ങളുടെ പോരായ്മ, സേവിംഗ്സ് ബാങ്കിന്റേയും പെൻഷന്റേയും നവീകരണം, നിയമങ്ങളുടേയും ചട്ടങ്ങളുടേയും പരിഷ്ക്കരണം, സേവനങ്ങളുടെ കാര്യക്ഷമത ഉയർത്തൽ തുടങ്ങിയ പരിപാടികളിൽ ശ്രദ്ധകേന്ദ്രീകരിക്കാനും ഈ വർഷം ഡിസംബറിൽ 2-ാം സോഷ്യൽ ഓഡിറ്റ് നടത്തുവാനും തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും ട്രഷറി ഇടപാടുകാർക്ക് ട്രഷറികളിൽ മെച്ചപ്പെട്ട ലോഞ്ചുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ട്രഷറികളിലെ ഡെപ്പോസിറ്റ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ട്രഷറി നിക്ഷേപങ്ങൾക്ക് എപ്പോഴും ബാങ്കു കളേക്കാൾ അര ശതമാനം ഉയർന്ന പലിശ നിരക്ക് നൽകുന്നുണ്ട്. ഈ വർഷം മുതൽ 55 വയസ്സ് കഴിഞ്ഞവരെ സീനിയർ സിറ്റിസണായി കണ ക്കാക്കി ഒൻപത് ശതമാനം പലിശ നിരക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാ നത്തെ ട്രഷറികൾ കഴിഞ്ഞ രണ്ട് വർഷമായി ഒരു ദിവസംപോലും ഓവർ ഡ്രാഫ്റ്റിൽ പോയിട്ടില്ലെന്നും വെയ്സ് ആന്റ് മീൻസ്പോലും ഇപ്പോൾ മൈനസിൽ പോകുന്നില്ലെന്നും ട്രഷറി നവീകരണത്തിന്റെ ഭാഗമായി മുകളി ലത്തെ നിലകളിൽ പ്രവർത്തിക്കുന്ന ട്രഷറികൾ താഴേയ്ക്ക് കൊണ്ടു വരാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും കേരളത്തിലെ മുഴുവൻ ട്രഷറികളും ഒരു വിദഗ്ദ്ധ സംഘം പരിശോധിച്ച് ആൾട്ടർനേറ്റീവ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി നൽകി ടെണ്ടർ വിളിച്ച് ബി.എസ്.എൻ.എൽ. വഴി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

### 3 (*3) ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, ക്ഷീര സഹകരണ സംഘ ങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ഷീര വികസന വകുപ്പുവഴി സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 25,000 രൂപയും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം, ഫോഡർ ബാങ്ക് എന്നിവയ്ക്കായി ധനസഹായവും പാൽ സംഭരണം 500 ലിറ്ററിൽ താഴെ

വരുന്ന സംഘങ്ങൾക്ക് പാൽ പരിശോധിക്കുന്നതിന് രാസപദാർത്ഥങ്ങൾ, സെൻട്രിഫ്യൂജ്, മിൽക്കോ ടെസ്റ്റർ എന്നിവ വാങ്ങുന്നതിന് പരമാവധി 10,000 രൂപയും 500 ലിറ്ററിന് മുകളിൽ പാൽ ശേഖരണമുള്ള സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് 25,000 രൂപയും പാലിലെ ഘടകങ്ങൾ പരിശോധിച്ച് പാൽ വില നിർണ്ണയിച്ച് നൽകുന്ന ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റിന് (AMCU)പരമാവധി 75 ശതമാനം ധനസഹായവും നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഗുണമേൻമ പരിശോധിച്ച് പാലിന് മെച്ചപ്പെട്ട വില നൽകുന്നതിന് സംഘം ജീവനക്കാർക്ക് വേണ്ട പരിശീലനം ക്ഷീരപരിശീലന കേന്ദ്രങ്ങളിൽവച്ച് നൽകുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സംഘത്തിൽ പാൽ ശേഖരണ സമയത്ത് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുവേണ്ട സഹായങ്ങൾ ചെയ്യുന്നു. പ്രൈമറി സംഘങ്ങളെ നിരന്തരമായി പ്രവർത്തിപ്പിക്കാനും പാലും മറ്റ് പാൽ അധിഷ്ഠിത ഉൽപ്പന്നങ്ങളും സംഘത്തിൽത്തന്നെ ഉല്പാദിപ്പിക്കാനും കംപ്യൂട്ടർ അടക്കമുള്ള സംവിധാനങ്ങൾ നൽകുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും എല്ലാ ജില്ലകളിലും ക്ഷീര വികസന ഡിപ്പാർട്ടുമെന്റിന്റെ വികസന ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് കെ.എൽ.ഡി. ബോർഡിന്റെ ആഭിമുഖ്യത്തിൽ കോലാഹലമേട്, മാട്ടുപ്പെട്ടി, കുളത്തൂപ്പുഴ എന്നീ മൂന്ന് കേന്ദ്രങ്ങളിൽ ഹൈടെക് ഡയറി ഫാമുകൾ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. സി.എസ്.എസ്. പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും മേഖലാ യൂണിയനുകൾ, മിൽമ തുടങ്ങിയ സ്ഥാപനങ്ങൾവഴി 2006-07 മുതൽ 2009-10 വരെ 22.08 കോടി രൂപ ചെലവഴിച്ച് ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, ബൾക്ക് മിൽക്ക് കൂളറുകൾ മുതലാ

യവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പ്രവർത്തനം നിലച്ച സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് 20,000 രൂപ വീതം നൽകിവരുന്നു. 31-05-2010 വരെ 189604 പേർ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 24729 പേർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷനും 1081 പേർക്ക് കുടുംബ പെൻഷനും നൽകി വരുന്നുണ്ട്. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷകരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശംപരിശോധിച്ചുവരുന്നു. ക്ഷേമനിധി അംഗങ്ങളായ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന ക്ഷീരസുരക്ഷാ പദ്ധതി ക്ഷേമനിധി ബോർഡ് നേരിട്ട് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കന്നുകാലികൾക്കുണ്ടാകുന്ന കുളമ്പ് രോഗം, അകിട് വീക്കം തുടങ്ങിയ രോഗങ്ങൾ ബാധിച്ച് പാലുൽപ്പാദനത്തിലുണ്ടാകുന്ന കുറവുമൂലം കർഷകനുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനും പകർച്ചവ്യാധികൾ പിടിപെട്ട കന്നുകാലികളെ ചികിത്സിക്കുന്നതിനുമുള്ള തുകയും ഈ പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് നൽകിവരുന്ന കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടെന്നും ക്ഷീരസഹകരണ സംഘങ്ങളുടെ കപ്പാസിറ്റി അനുസരിച്ച് ബൾക്ക് കൂളറുകൾ വിതരണം ചെയ്യുന്നുണ്ടെന്നും പ്രൈമറി സംഘങ്ങൾ ആരംഭിക്കുന്നതിന് മുന്നോട്ടുവരുന്ന എൻ.ആർ.ഐ.കാരെ പ്രോത്സാഹാപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

4 (*4) ഹരിത കേരളം പദ്ധതി

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): നൽകിയ മറുപടിയിൽ, ഹരിത കേരളം പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടെന്നും 31.42 ലക്ഷം വൃക്ഷത്തൈകൾ നട്ടതിൽ 50 ശതമാനവും അതിജീവിച്ചതായി സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ടെന്നും. രണ്ടാംഘട്ടത്തിൽ 70 ലക്ഷം വൃക്ഷത്തൈകൾ വിതരണം നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തേക്ക്, മഹാഗണി, പ്ലാവ്, മാവ്, കൂവളം, നെല്ലി, ഞാവൽ, കുടംപുളി, പതിമുഖം, ബദാം, വേങ്ങ, കണിക്കൊന്ന, മണിമരുത്, അശോകം, ഉങ്ങ്, വേപ്പ് തുടങ്ങിയ വൃക്ഷത്തൈകളാണ് ഈ പദ്ധതിപ്രകാരം വിതരണം ചെയ്യുന്നത്. ഒന്നാംഘട്ടത്തിൽ നട്ട വൃക്ഷത്തൈകളിൽ നശിച്ചുപോയവയ്ക്കുപകരം വൃക്ഷത്തൈകൾ നടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ സന്നദ്ധ സംഘടനകൾവഴി വൃക്ഷത്തൈകളുടെ പരിചരണത്തിനാവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിലുള്ള മരങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഉത്തരവിൽ വിവിധ ഏജൻസികൾക്കും വനംവകുപ്പിനും പ്രാതിനിധ്യമുണ്ടെന്നും സമൂഹമാകെ ശ്രദ്ധിച്ചാൽ പൊതുസ്ഥലങ്ങളിലെ മരങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്നും വനഭൂമിയിലും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതാണെന്നും പരിസ്ഥിതിസംരക്ഷണവും വനസംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിൽനിന്ന് 2007-ലേയും 2008-ലേയും ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡ് ലഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1 മുതൽ 304 വരെയുള്ള ചോദ്യങ്ങളിൽ 137 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)